പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 122 — 04-02-2013 -ൽ മറുപടിക്ക്.

## മദ്യാസക്തി നിയന്ത്രിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി. വി. രാജേഷ്<br>ശ്രീമതി കെ. എസ്. സലീഖ<br>ശ്രീ. ആർ. രാജേഷ്<br>" ബി.ഡി. ദേവസ്സി | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പു മന്ത്രി) |

(എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന മദ്യാസക്തി നിയന്ത്രിക്കാൻ തയ്യാറാകുമോ;

(എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന മദ്യാസക്തി നിയന്ത്രിക്കാൻ സർക്കാർ നടപടി സ്വീകരിച്ചി ട്ടുണ്ട്.

(ബി) യുവാക്കൾക്കിടയിലും വിദ്യാർത്ഥികൾക്കിടയിലും ഭയാനകമാം വിധം മദ്യാസക്തി വർദ്ധിച്ചു വരുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; കഴിഞ്ഞ രണ്ടുവർഷത്തെ മദ്യവിൽപനയുടെയും അതുവഴി സംസ്ഥാന സർക്കാരിനുണ്ടായ വരുമാനത്തിന്റെയും വിശദാംശങ്ങൾ വെളിപ്പെടു ത്താമോ;

(ബി) മദ്യാസക്തി വർദ്ധിച്ചു വരുന്നതിന്റെ കാരണങ്ങൾ എക്സൈസ് വകുപ്പ് പരിശോധിച്ചിട്ടില്ല. കഴിഞ്ഞ രണ്ടുവർഷത്തെ മദ്യവിൽപനയിലൂടെ സംസ്ഥാന സർക്കാരിനുണ്ടായ വരുമാനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ആകെ വില്പന (കോടിയിൽ) | ഖജനാവിൽ ലഭിച്ച തുക (കോടിയിൽ) |
| --- | --- | --- |
| 2010-11 | 6730.30 | 5232.53 |
| 2011-12 | 7860.15 | 6352.20 |

(സി) മദ്യാസക്തിക്കെതിരെ ബോധവൽക്കരണവും സാമൂഹ്യ ഇടപെടലുകളും ഉണ്ടാക്കുന്നതിന് എന്തുനടപടികളാണ് സ്വീകരിക്കുന്നത്; പ്രസ്തുത നടപടികൾ ഫലപ്രദമാണെന്ന് കരുതുന്നുണ്ടോ; മൊത്തം മദ്യവിൽപനയുടെ എത്രശതമാനമാണ് ബോധവത്ക്കരണത്തിനായി നടപ്പു സാമ്പത്തിക വർഷത്തിൽ ചെലവാക്കിയത്;

(സി) മദ്യ/ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന്, എക്സൈസ് വകുപ്പ്, ശക്തവും നൂതനവുമായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി, സ്കൂളുകൾ കേന്ദ്രീകരിച്ച്, ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച്, സെമിനാറുകൾ, പോസ്റ്ററുകൾ, ഉപന്യാസ മത്സരം, ചിത്രരചനാ മത്സരം, വിദഗ്ദ്ധ ഡോക്ടർമാർ കൈകാര്യം ചെയ്യുന്ന ക്ലാസുകൾ എന്നിവ നടത്തി വരുന്നു. സ്കൂളുകളിലും പ്രധാന കവലകളിലും എക്സൈസ് വകുപ്പ് നിർമ്മിച്ച, 'ദുരന്ത ലഹരി' എന്ന പേരിലുള്ള ഒരു ഡോക്യുമെന്ററി പ്രദർശിപ്പിച്ചു വരുന്നു. സ്റ്റുഡന്റ് പോലീസ് കേഡറ്റ്, N.S.S., കുടുംബശ്രീ, സാക്ഷരതാ മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ വിപുലമായ ബോധവൽക്കരണ പരിപാടികളാണ് ഫലപ്രദമായി നടപ്പാക്കി വരുന്നത്. വില്പന തുകയുടെ തോതല്ല ഇതിനുള്ള മാനദണ്ഡം.

(ഡി) ക്യാമ്പസുകളിലെ അരാഷ്ട്രീയവൽക്കരണം വിദ്യാർത്ഥികളിൽ മദ്യാസക്തിയ്ക്കും അരാജകത്വത്തിനുംഇടയാക്കിയിട്ടുള്ളതായി അറിയാമോ?

(ഡി) ഇത് സംബന്ധിച്ച പഠനമൊന്നും എക്സൈസ് വകുപ്പ് നടത്തിയിട്ടില്ല.

സെക്ഷൻ ആഫീസർ